**3 Semester MA Malayalam (Private Registration)**
**Multiple Choice Questions**

**ML010302: Malayalabhashavyakaranam**

1. വാക്യഘടന എന്ന കൃതിയുടെ കർത്താവ് ആര്?
A. ഈ വി എൻ നമ്പൂതിരി
B. സി എൽ ആന്റണി
C. എൻ എൻ മൂസ്സത്
D ഏ ആർ രാജരാജവർമ്മ
2. കേരളപാണിനീയം ആദ്യപതിപ്പ് പ്രസിദ്ധീകരിച്ച വർഷം?
A. 1917
B 1896
C. 1916
D. 1888
3. കേരളപാണിനീയം ഏത് വ്യാകരണ രീതിയിലുള്ള ഗ്രന്ഥമാണ് ?
A. അടിസ്ഥാന വ്യാകരണം
B. പ്രായോഗിക വ്യാകരണം
C. ചരിത്രാത്മക (ആഗമിക) വ്യാകരണം
D. വിവരണാത്മക വ്യാകരണം

4 .താഴെ കൊടുത്തിരിക്കുന്ന ഭാഷകളിൽ ദ്രാവിഡഗോത്രത്തിൽ പെടാത്ത ഭാഷ ഏത്?
A. തമിഴ്
B. കർണാടകം
C. മലയാളം
D. സംസ്കൃതം
5. മലയാളം ഏത് കക്ഷ്യയിൽപ്പെട്ടുന്ന ഭാഷയാണ് ?
A. പ്രാകൃത കക്ഷ്യ
B. സംശ്ലിഷ്ട കക്ഷ്യ
C. സംഘടിത കക്ഷ്യ
D. വൈകൃതകക്ഷ്യ

6. ചുവടെ കൊടുത്തിരിക്കുന്നവയിൽ പുരുഷപ്രത്യയസഹിതമായ ക്രിയാരൂപം ഏത്?
A. കണ്ടാൻ
B. പിടിച്ചു
C. ഉരെത്തു
D. പോയി
7. ലീലാതിലകത്തിലെ ശില്പങ്ങളുടെ എണ്ണം എത്രയാണ്?
A. 7
B. 10
C. 4
D. 8
8 . മലയാള അക്ഷരമാലയിൽ ഘോഷി എന്ന് വിളിക്കപ്പെടുന്ന വർണ്ണമേത്?
A. ഹ
B. ശ
C. റ

D. ഷ

9. ചുവടെ കൊടുത്തിരിക്കുന്നവയിൽ അനുനാസിക വർണ്ണമേത്?

A. ഘ

B. ബ

C. ച

D. മ

10. താഴെ കൊടുത്തിരിക്കുന്നവയിൽ ലോപസന്ധിക്ക് ഉദാഹരണമെഴുതുക

A. കണ്ടില്ല

B. തടവുന്നു

C. കണ്ണീർ

D. താമരപ്പൂവ്

11. ചുവടെ കൊടുത്തിരിക്കുന്നവയിൽ ദ്വിത്വസന്ധിയിൽ പെടാത്തത് ഏത് ?

A .എണ്ണൂറ്

B. തലക്കെട്ട്

C. പണിപ്പുര

D. മലർപ്പൊടി

12. ഖരമൃദുക്കളെ അതിഖരഘോഷങ്ങളാക്കുന്ന പ്രക്രിയയ്ക്ക് പറയുന്നേ പേരെന്ത് ?

A ,അനുനാസികസംസർഗ്ഗം

B. മഹാപ്രാണീകരണം

C. ദ്വിത്വഖരാദേശം

D. പുരുഷഭേദനിരാസം

13. രണ്ട് വർണ്ണങ്ങളെ വേർതിരിച്ചറിയാത്ത മട്ടിൽ കൂട്ടി യോജിപ്പിക്കുന്നതാണ് _____________

A. അനുപ്രദാനം

B. മാർഗ്ഗഭേദം

C. കരണവിഭ്രമം

D. സംസർഗം

14. താഴെ കൊടുത്തിരിക്കുന്നതിൽ നിപാതപ്രത്യയം ഏത് ?

A. ഉം

B. കൊണ്ട്

C. എന്നാൽ

D. ഉടെ

15. മാളികയിൽ  നിന്ന് നോക്കി ഇതിൽ അടിവരയിട്ടിരിക്കുന്ന ശബ്ദം ഏത് വിഭാഗത്തിൽ പെട്ടതാണ് ?

A. ഘടകം

B. ഗതി

C. വ്യാക്ഷേപകം

D. കേവലം

16 . അനുനാസികത്തിന് അടിസ്ഥാനമായ ശ്രുതിഭേദോപാധി ഏത്?

A. അനുപ്രദാനം

B. പരിമാണം

C. സ്ഥാനഭേദം

D. മാർഗ്ഗേഭേദം

17. ചുവടെ കൊടുത്തിരിക്കുന്നതിൽ ക്രിയാനാമത്തിന് ഉദാഹരണമേത്?

A. കുതിര

B. അഴക്

C. പഠിപ്പ്

D. വിസ്തൃതം

18. താഴെ കൊടുത്തിരിക്കുന്നവയിൽ മേയനാമമല്ലാത്തത് ഏതാണ് ?

A. വെള്ളം

B. സ്വർണ്ണ◌ം

C. വായു

D. മരം

19. വർത്സ്യാക്ഷരങ്ങളെ 'മൗണ്യാക്ഷരങ്ങൾ ' എന്ന് വിശേഷിപ്പിച്ചതാര്?

A. ജോർജ് മാത്തൻ

B. ഏ.ആർ രാജരാജവർമ്മ

C. ശേഷഗിരിപ്രഭു

D. ഗുണ്ടർട്ട◌്

20. വിഭാവകം ഏത് വിഭാഗത്തിൽപ്പെടുന്ന ശബ്ദരൂപമാണ് ?

A. നാമം

B. ഭേദകം

C. ക്രിയ

D. ദ്യോതകം

21. ചുണ്ടിന്റെ സഹായത്തോടെ ഉച്ചരിക്കുന്ന വർണ്ണങ്ങൾക്ക് പറയുന്ന പേരെന്ത്?

A. ഓഷ്ഠ്യം

B. താലവ്യം

C. ദന്ത്യം

D. മൂർദ്ധന്യ◌ം

22. അളവിനെ സൂചിപ്പിക്കുന്നേ ഭേദകരൂപമേത്?

A. സാംഖ്യം

B. ശുദ്ധം

C സാർവ്വനാമിക◌ം

D. പാരിമാണികം

23. കർത്താവ് പരപ്രേരണയാൽ ചെയ്യുന്ന ക്രിയയ്ക്ക് പറയുന്നേ പേരെന്ത് ?

A. സകർമ്മകക്രിയ

B. പ്രയോജകക്രിയ

C. കേവലക്രിയ

D. കാരിതക്രിയ

24. താഴെ കൊടുത്തിരിക്കുന്നതിൽ കാരിതക്രിയയ്ക്ക് ഉദാഹരണം ഏത്?

A. അരയുന്നു

B. മറയുന്നു

C. കേൾക്കുന്ന◌ു

D. തോന്നുന്നു

25. മുറ്റവിന എന്നാൽ എന്ത്?

A. പ്രധാനക്രിയ

B. അപ്രധാനക്രിയ

C. കാരിതക്രിയ

D. പ്രയോജകക്രിയ

26. ഒരു വസ്തുവിൻ◌്റെ സ്വഭാവത്തെ വർണിക്കുന്ന ഭേദകരൂപം ഏത്?

A. ശുദ്ധം
B. പാരിമാണികം
C. വിഭാവകം
D. നാമാംഗജം
27. കെട്ടിയ പെണ്ണ് ഇതിൽ അടിവരയിട്ട ശബ്ദം എന്തിനെക്കുറിക്കുന്നു?
A. പേരെച്ചം
B. വിനയെച്ചo
C. മുറ്റുവിന
D. ആഖ്യാതകം

28. താഴെ കൊടുത്തിരിക്കുന്നവയിൽ നപുംസക ലിംഗപ്രത്യയമായി കണക്കാക്കുന്നത് ഏതിനെയാണ്?
A. അൻ
B. അൾ
C. അർ
D. അതു
29. മലയാളത്തിലെ വിഭക്തികളുടെ എണ്ണം എത്ര?
A. 7
B. 8
C.10
D.5
30. സാക്ഷികാരകം വരുന്ന വിഭക്തി ഏത്?
A. ൻ്റെ
B. ഓട്
C. ആൽ
D. ഉടെ
31. കാരകബന്ധമില്ലാത്ത വിഭക്തിരൂപം ഏത്?
A. സംബന്ധിക
B. ആധാരിക
C. പ്രയോജിക
D. നിർദേശിക
32. പായിൽ ഇരിക്കുന്നു അടിവരയിട്ടിരിക്കുന്ന പ്രത്യയം
ഏത് വിഭക്തിയാണ്?
A. നിർദ്ദേശിക
B. പ്രതിഗ്രാഹിക
C.സംബന്ധിക
D.ആധാരിക
33. "ഗതിചേർന്ന  വിഭക്ത്യന്തത്തിന് ' പറയുന്ന പേരെന്ത് ?
A. മിശ്രവിഭക്തി
B.സംബന്ധിക
C. ഉദ്ദേശിക
D. ആധാരിക
34. താഴെ കൊടുത്തിരിക്കുന്നവയിൽ വിഭക്ത്യാഭാസം ഏത്?
A. അവളുടെ
B:കാറ്റത്ത്
C .വീട്ടിൽ
D. ഗുരുവിന്

35. നാമങ്ങൾക്ക് ക്രിയയോടുള്ള സംബന്ധമാണ് -------- ?

A.വചനം

B .സമാസം

C .വിഭക്തി

D.കാരകം

36 . കർത്തൃവ്യാപാരം കൂടാതെ നടക്കുന്ന ക്രിയകൾക്ക് പറയുന്ന പേരെന്ത് ?

A.കേവലക്രിയ

B.വിശിഷ്ടക്രിയ

C. നിഗീർണ്ണകർത്തൃകം

D. പ്രയോജകക്രിയ

37. താഴെ കൊടുക്കുന്നവയിൽ നിഗീർണ്ണകർത്തൃക ക്രിയയ്ക്ക്

ഉദാഹരണം ഏത്?

A.രാമൻ പോകുന്നു

B.അവൾ കഴിച്ചു

C .കുട്ടി പഠിച്ചു

D.എനിക്ക് വിശക്കുന്നു

38. നാമങ്ങളിൽ നിന്നും ഭേദകങ്ങളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ശബ്ദങ്ങൾക്ക് പറയുന്ന പേരെന്ത്?

A.തദ്ധിതം

B. കൃതികൃത്ത്

C.കാരകകൃത്ത്

D. ഭേദകം.

39. താഴെ കൊടുത്തിരിക്കുന്നവയിൽ തദ്ധിതത്തിന് ഉദാഹരണം ഏത്?

A. പഠിപ്പ്

B. മൃദുത്വം

C.ദർശനീയം

D. കാടത്തം

40. തദ്വത്തദ്ധിതത്തിന് ഉദാഹരണം എഴുതുക ?

A. മൂപ്പൻ

B. വെണ്മ

C. ഭോഷത്തം

D. മൃദുത്വം

41. ചുവടെ കൊടുത്തിട്ടുള്ളവയിൽ പൂരണിതദ്ധിതത്തിന് ഉദാഹരണമെഴുതുക?

A. മണ്ടത്തരം

B. ഒന്നാം

C. നന്മ

D .മടിയൻ

42. കാരിത ക്രിയകളെ 'ബലാബല ക്രിയകൾ' എന്ന് വിളിച്ചതാര് ?

A.ഏ ആർ രാജരാജവർമ്മ

B.റോബർട്ട് കാഡ്വൽ

C.ജോർജ് മാത്തൻ

D. ഗുണ്ടർട്ട്

43. "ധാത്വന്തം സ്വരമോ ചില്ലോ വന്നാൽ " ഭൂതകാലപ്രത്യയം ഏതാവും?

A. ഊ

B. ഇ

C. ഉ
D. ഉന്നു
44. താഴെ കൊടുത്തിരിക്കുന്നതിൽ ശീലഭാവിക്ക് ഉദാഹരണം ഏത്?
A.ഇടവപ്പാതിക്ക് മഴ തുടങ്ങും
B. രാമൻ കളിക്കട്ടെ
C. പാമ്പ് ഇഴഞ്ഞ് നടക്കു
D. അവൾ വീട്ടിൽ പോയി

45. ചുവടെ കൊടുത്തിരിക്കുന്ന ക്രിയകളിൽ 'ദ്വിത്വഖരാദേശനയം' പ്രവർത്തിക്കുന്ന ക്രിയ ഏത്?
A. പൊക്കുന്നു
B. ഇരിക്കുന്നു
C. വിട്ടു
D. ഇളക്കി

46. മലയാളത്തിലെ വർത്തമാനകാല പ്രത്യയം അനുപ്രയോഗ ജന്യമാണെന്ന് പറഞ്ഞതാര്
A.റോബർട്ട് കാഡ്വൽ
B.ഏ.ആർരാജരാജവർമ്മ
C.ശേഷഗിരിപ്രഭു
D.ഡോക്ടർ ഗാൽ
47. അനുജ്ഞാരൂപമായി കാണിക്കുന്ന പ്രകാരം ഏത് ?
A.നിർദ്ദേശകം
B.നിയോജകം
C .വിധായകം
D. അനുജ്ഞായകം
48. കേവലമായ ധാത്വർഥത്തെ കാണിക്കുന്ന പ്രകാരം ഏതാണ്?
A.നിയോജക o
B. വിധായകം
C. അനുജ്ഞായകം
D .നിർദേശകം

49. ചുവടെ കൊടുത്തിരിക്കുന്നവയിൽ വിധായകപ്രകാരത്തിന് ഉദാഹരണം ഏത് ?
A. കളിക്കണം
B.കളിക്കട്ടെ
C.കളിക്കാം
D.കളിക്കുന്നു

50. നിയോജകപ്രകാരം മധ്യമപുരുഷൻ ബഹുവചനത്തിന് ഉദാഹരണം ഏത്?
A. പോകണം
B. പോകുവിൻ
C. പോകട്ടെ
D. പോകുന്നു
51. വിധായക അനുജ്ഞായക പ്രകാരങ്ങളെ വേർതിരിച്ചു പ്രയോഗിക്കുമ്പോൾ സംഭവിക്കുന്ന പരിണാമം എന്ത് ?
A.നിഗീർണകർത്തൃകക്രിയ
B. അനുപ്രയോഗം
C. കർമണിപ്രയോഗം
D. പ്രയോജകക്രിയ

52. 'ആല്ലം' എന്നത് ഏത് പ്രകാരത്തിൻ്റെ പ്രത്യയമാണ്?

A. നിർദ്ദേശകം

B. നിയോജകം

C.വിധായകം

D. അനുജ്ഞായകം

53. കർമണിപ്രയോഗത്തിൻ്റെ പ്രത്യയമായി ഏ ആർ രാജരാജവർമ്മ ചൂണ്ടിക്കാട്ടുന്ന പ്രത്യയം ഏത്?

A. പ്പി

B. ഇ

C. പെട്

D. ഉൾ

54. ധാതു ജഡകർത്തൃകമാണെങ്കിൽ പ്രയോജകാർത്ഥം കാണിക്കാൻ എന്ത് ഉപാധിയാണ് ഉള്ളത് ?

A.കാരിതീകരണം

B.വർണ്ണലോപം

C. അംഗസംസ്കാരം

D. പ്പിപ്രത്യയയോഗം

55. താഴെ കൊടുക്കുന്നവയിൽ നാമധാതുവിന് ഉദാഹരണം ഏത്?

A.പറക്കുന്നു

B.കല്ലിക്കുന്നു

C.പഠിക്കുന്നു

D.നടക്കുന്നു

56. പ്രയോഗമില്ലാത്ത രൂപവികലങ്ങളായ ധാതുക്കൾക്ക് പറയുന്ന പേരെന്ത് ?

A.ഖിലധാതുക്കൾ

B .നാമധാതുക്കൾ

C. കൃത്തുക്കൾ

D. കാരകങ്ങൾ

57 സംസ്കൃതത്തിലെ ഉപസർഗ്ഗ ധാതുക്കൾക്ക് തുല്യമായ അനുപ്രയോഗ വിഭാഗം ഏത് ?

A. കാലാനുപ്രയോഗം

B.നിഷേധാനുപ്രയോഗം

C. പൂരണാനുപ്രയോഗം

D . ഭേദകാനുപ്രയോഗം

58. താഴെ കൊടുക്കുന്നവയിൽ കാലാനുപ്രയോഗത്തിന് ഉദാഹരണം ഏത്?

A.വിടകൊള്ളുന്നു

B.നിർത്തിവയ്ക്കുന്നു

C.ഓടിക്കളഞ്ഞു

D. പഠിച്ചുകഴിഞ്ഞിരിക്കുന്നു

59. കൃത്യമായ നിഷേധപ്രത്യയമുള്ള പ്രകാരം ഏത് ?

A.അനുജ്ഞായകം

B. വിധായകം

C.നിർദേശക ം

D. നിയോജകം

60.ഭാഷയിലെ സമുച്ചയനിപാതം ഏതാണ് ?

A. ഉം

B. ഓ

C. ഏ

D. ആർ

61. ഭാഷയിലെ പേരെച്ചപ്രത്യയം ഏതാണ് ?

A. അൻ

B. ഉ

C. അ

D. ഇ

62. കാല വിവക്ഷ ഇല്ലാത്ത വിനയെച്ചം ഏത് ?

A.മുൻവിനയെച്ചം

B.നടുവിനയെച്ചം

C. പാക്ഷികവിനയെച്ചം

D. തൻവിനയെച്ചം

63. ക്രിയകളിൽ സംഭാവ്യതയെ കാണിക്കുന്ന വിനയെച്ചരൂപം ഏത് ?

A. നടുവിനയെച്ചം

B. തൻവിനയെച്ചം

C. പിൻവിനയെച്ചം

D. പാക്ഷികവിനയെച്ചം

64. ചുവടെ കൊടുക്കുന്നവയിൽ പിൻ വിനയെച്ചത്തിന് ഉദാഹരണമേത് ?

A .പാടാൻ പറഞ്ഞു

B. പാടിത്തുടങ്ങി

C. തല്ലിത്തകർത്തു

D. കാൺകെതിന്നു

65.ക്രിയയിൽ നിന്നും ജനിക്കുന്ന നാമ പ്രത്യയങ്ങൾ ഏത്?

A. തദ്ധിതം

B. നാമധാതു

C.കൃത്ത്

D. മുറ്റുവിന

66. താഴെ കൊടുക്കുന്നവയിൽ കൃതികൃത്തിന് ഉദാഹരണമേത്?

A. തുപ്പൽ

B. തടവുന്നു

C. ഭോഷത്തരം

D. വെണ്മ

67. സാംഖ്യഭേദകത്തിന് ഉദാഹരണമെഴുതുക?

A. നാഴിയരി

B. പെറ്റമ്മ

C. മുക്കണ്ണൻ

D. ചെമ്മാനം

68. താഴെ കൊടുക്കുന്നവയിൽ സമാനധികരണ വാക്യമേതാണ്?

A. എനിയ്ക്ക് പനിയുണ്ട്

B. കാക്ക കറുത്തതാകുന്നു

C.രാമനാൽ ചെയ്യപ്പെട്ടു

D. എള്ളിൽ എണ്ണയുണ്ട്

69. 'വിഭക്തിക്കുറി കൂടാതെയുള്ള പദ യോഗത്തിന് ' പറയുന്ന പേരെന്ത് ?

A.സന്ധി

B.കാരകം

C.സമാസം

D. പ്രകാരം

70.വിശേഷണവിശേഷ്യങ്ങൾ പൂർവ്വോത്തരങ്ങളായി വരുന്ന സമാസം ഏത് ? A.ബഹുവ്രീഹി

B.മധ്യമപദലോപി

C. ദ്വന്ദ്വൻ

D.തൽപുരുഷൻ

71.താഴെ കൊടുക്കുന്നവയിൽ സംബന്ധികതല്പുരുഷ സമാസത്തിന് ഉദാഹരണം?

A. മരപ്പൊടി

B.പാക്കുവെട്ടി

C.കൊന്നതെങ്ങ്

D. തോൾവള

72. 'തീവണ്ടി ' ഏത് വിഭാഗത്തിൽ പെടുന്ന സമാസമാണ് ?

A.രൂപകതല്പുരുഷൻ

B. ദ്വന്ദ്വൻ

C.മധ്യമപദലോപി

D. ബഹുവ്രീഹി

73. താഴെ കൊടുക്കുന്നവയിൽ കാരകതൽപുരുഷ സമാസം ഏത്?

A.തപസ്സിരിക്കുക

B.ആനഭ്രാന്ത്

C.മാങ്ങാക്കറി

D.തലവേദന

74.ചുവടെ കൊടുത്തിരിക്കുന്നവയിൽ ബഹുവ്രീഹി സമാസം അല്ലാത്തത് ഏത് ?

A.മുക്കണ്ണൻ

B.നാന്മുഖൻ

C. വെണ്ണക്കൃഷ്ണൻ

D. നെടുങ്കണ്ണി

75.ലിംഗവചന വിഭക്തികൾക്ക് ലോപം വരാത്ത സമാസത്തിന് പറയുന്ന പേര് എന്ത്?

A.തൽപുരുഷസമാസഃം

B. മധ്യമപദലോപി

C. രൂപകസമാസം

D.അലുപ്തസമാസം

76. താഴെ കൊടുക്കുന്നവയിൽ തത്ഭവത്തിന് ഉദാഹരണം ഏത്?

A. മുഖം

B.അഗ്നി

C.വിരഹം

D.കമുക്

77. ദ്രാവിഡഭാഷാവ്യാകരണം ആരുടെ കൃതിയാണ് ?

A.റോബർട്ട് കാഡ്വൽ

B.ഏ.ആർ രാജരാജവർമ്മ

C. ജോർജ് മാത്തൻ

D. ഗുണ്ടർട്ട്

78. തമിഴിൽ നിന്ന് മലയാളം വേർതിരിയുന്നതിന് കേരളപാണിനി നിർദ്ദേശിക്കുന്ന നയങ്ങളിൽ പെടാത്തത് ഏത് ?

A. അനുനാസികാതിപ്രസരം

B. താലവ്യാദേശം

C. ഖരമൃദു പരിവർത്തന നയം

D.അംഗഭംഗം

79. കേരളപാണിനീയഭാഷ്യം രചിച്ചതാര്?

1. ശേഷഗിരിപ്രഭു

2. എൻ.എൻ മൂസ്സത്

3. സി.എൽ.ആൻ്റണി

4. ജോർജ് മാത്തൻ

80. താഴെ കൊടുക്കുന്നവയിൽ കേവലക്രിയയ്ക്ക് ഉദാഹരണം ഏത്?

A.ഇരിക്കുന്നു

B. നടത്തുന്നു

C .കയറ്റുന്നു

D. പറത്തുന്നു

81.കർമ്മത്തെ കുറിക്കുന്ന വിഭക്തി ഏത്?

A.നിർദ്ദേശിക

B. പ്രതിഗ്രാഹിക

C.സംയോജിക

D.ആധാരിക

82. താഴെ കൊടുത്തിരിക്കുന്നതിൽസംയോജിക വിഭക്തിക്ക് ഉദാഹരണം ഏത്?

A.രാമനോട്

B.ധനത്തെ

C. ദുഃഖത്താൽ

D.ദേവൻ്റെ

83. ബാലൻ മൺപാത്രം നിർമ്മിച്ചു ഈ വാക്യത്തിലെ മൺപാത്രം എന്ന നാമത്തിൻ്റെ വിഭക്തിയേത് ?

A. നിർദേശിക

B. പ്രതിഗ്രാഹിക

C.സംയോജിക

D. ആധാരിക

84. നെന്മണി എന്ന പദം പിരിച്ചെഴുതുക

A. നെൻമണി

B. നെല്മ്മണി

C. നെല്മണി

D. നെല്ലിൻമണി

85. തദ്ധിതത്തിന് ഉദാഹരണം ഏത്?

A. കാടത്തം

B. ചതിയൻ

C. ഉരുളൻ

D. കണ്ടുപിടുത്തം

86. രാപ്പകലുകൾ - സമാസമേത്?

A. അവ്യയീഭാവ l ൻ

B. കർമധാരയൻ

C. ബഹുവ്രീഹി

D. ദ്വന്ദ്വൻ

87. 'കുടിൽ തൊട്ട് കൊട്ടാരം വരെ 'ഇതിൽ തൊട്ട് ,വരെ എന്നീ ശബ്ദങ്ങൾ ഏത് വിഭാഗത്തിൽപ്പെടുന്നു?

A. വിശേഷണം

B. ഗതി

C.ഘടകം

D. വ്യാക്ഷേപകം

88. നീ നന്നായി പഠിക്കണം - വാക്യത്തിലെ ക്രിയയുടെ പ്രകാരം ഏത്?

A. നിർദേശകം

B.വിധായകം

C. അനുജ്ഞായകം

D. നിയോജകം

89. താഴെ കൊടുത്തിട്ടുള്ളതിൽ ഗതി ചേർന്ന പ്രയോഗമേത് ?

A. വടി കൊണ്ടടിച്ചു

B. ആണോ പെണ്ണോ

C .കഷ്ടംതന്നെ

D. രാവും പകലും

90. താഴെ കൊടുത്തിരിക്കുന്നവയിൽ വികല്പനിപാതം എത്?

A. ഉം

B. ഓ

C. ഏ

D. കൊണ്ട്

91. ചുവടെ കൊടുത്തിരിക്കുന്നവയിൽ അനുപ്രയോഗം ഏത് ?

A. കണ്ടാൽ പറയാം

B. രണ്ടുപേർ കൊല്ലപ്പെട്ടു

C. കാറ്റ് വീശുന്നു

D. കള്ളൻ ഓടിക്കളഞ്ഞു

92. വ്യാകരണമിത്രം എന്ന ഗ്രന്ഥത്തിൻ്റെ കർത്താവാര് ?

A. ശേഷഗിരിപ്രഭു

B.ജോർജ് മാത്തൻ

C.ഏ.ആർ രാജരാജവർമ്മ

D. ഹെർമൻ ഗുണ്ടർട്ട്

93. വരും + കാലം > വരുങ്കാലം ഇവിടെയുണ്ടായ മാറ്റം എന്ത്?

A. ലോപം

B. ആഗമം

C. ദ്വിത്വം

D. ആദേശം

94. താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടാണ് വിനാമക്രിയ വരുന്നത്?

A. ആദേശസന്ധി

B. ആഗമസന്ധി

C. ലോപസന്ധി

D . ദ്വിത്വസന്ധി

95. താഴെ കൊടുത്തിരിക്കുന്നതിൽ ആദേശസന്ധിക്ക് ഉദാഹരണമല്ലാത്തത് ഏത്?

A. വിണ്ണാർ

B. തണ്ണീർ

C. കണ്ണീർ

D.വെണ്ണീർ

96. ചെമ്പ് --->ചെപ്പ് ഇവിടെ നടന്ന വർണ്ണ പരിണാമം എന്ത്?

A. ഖരാദേശം

B. ദ്വിത്വം

C. സ്വരസംവരണം

D. സവർണനം

97. 'അം' നപുംസകലിംഗ പ്രത്യയമാണെന്ന് പറഞ്ഞതാര്?

A.റോബർട്ട് കാഡ്വൽ

B.ഏ.ആർ രാജരാജവർമ്മ

C. ഗുണ്ടർട്ട്

D. ശേഷഗിരിപ്രഭു

98. അവൾ ഏതു സർവ്വനാമവിഭാഗത്തിൽ പെടുന്നു?

A. ഉത്തമപുരുഷൻ

B. മധ്യമപുരുഷൻ

C. പ്രഥമപുരുഷൻ

D. തല്പുരുഷൻ

99.'കുട്ടികൾ വന്നു' ഇതിൽ വന്നു എന്ന വാക്ക് ഏത് പ്രകാരത്തിൽപ്പെട്ടുന്നു?

A. നിർദേശകം

B. നിയോജകം

C. അനുജ്ഞായകം

D. വിധായകം

100. നീലാകാശം എന്നതിലെ സമാസമേത് ?

A. രൂപകതല്പുരുഷൻ

B. മധ്യമപദലോപി

C. ബഹുവ്രീഹി

D. കർമ്മധാരയൻ

## Answer Key

1. A
2. B
3. C
4. D
5. B
6. A
7. D
8. A
9. D
10. A
11. A
12. B
13. D
14. A
15. B
16. D
17. C
18. D
19. A

20. B
21. A
22. D
23. B
24. C
25. A
26. C
27. A
28. D
29. A
30. B
31. A
32. D
33. A
34. B
35. D
36. C
37. D
38. A
39. B
40. A
41. B
42. D
43. C
44. A
45. A
46. B
47. D
48. D
49. A
50. B
51. A
52. B
53. C
54. A
55. B
56. A
57. D
58. D
59. B
60. A
61. C
62. B
63. D
64. A
65. C

66. A
67. C
68. B
69. C
70. D
71. A
72. C
73. A
74. C
75. D
76. D
77. A
78. C
79. C
80. A
81. B
82. A
83. B
84. A
85. A
86. D
87. C
88. B
89. A
90. B
91. D
92. A
93. D
94. A
95. A
96. A
97.A
98. C
99. A
100.D